7543
4/8/14

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-16.8.99 നം 31.12.2003 നമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക സേവനം പൂർത്തിയാക്കിയ അംഗപരിമിതർക്ക് പുനർ/റഗുലർ നിയമനം നൽകിക്കൊണ്ടുള്ള ഉത്തരവിൽ തിരുത്തൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(എം.എസ്)നം.63/14/സാ.നീ.വ തിരുവനന്തപുരം, തീയതി 23.7.2014

---

പരാമർശം-
1. 18.5.2013 ലെ സ.ഉ(പി) 40/13/സാ.നീ.വ നമ്പർ ഉത്തരവ്
2. 7.8.2013 ലെ സ.ഉ(പി) 63/13/സാ.നീ.വ നമ്പർ ഉത്തരവ്
3. 17.1.2014 ലെ സ.ഉ(പി) 3/14/സാ.നീ.വ നമ്പർ ഉത്തരവ്
4. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 3.6.2014 ലെ H4-16541/14 നമ്പർ കത്ത്
5. കോഴിക്കോട് ജില്ലാ കളക്ടറുടെ 26.5.2014 ലെ എ 4-2013/41959/11(8) നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം ഒന്ന്, രണ്ട് ഉത്തരവ് പ്രകാരം 16.8.99 നം 31.12.2003 നമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു.

2. പരാമർശം 3 ഉത്തരവ് പ്രകാരം 16.8.99 നം 31.12.2003 നമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് പൊതു അവധി ദിവസമായതിനാൽ 179 ദിവസം പൂർത്തിയാക്കാൻ കഴിയാത്ത അംഗപരിമിതർക്കും പുനർനിയമനം നൽകുന്നതിന് ഉത്തരവായിരുന്നു.

3. പരാമർശം 2 ഉത്തരവിൽ കോഴിക്കോട് ജില്ലയിൽ ക്രമ നമ്പർ 50 ആയി പേര് ചേർക്കപ്പെട്ട Sri.Vineesh.T.K, Puliyankottummal Veedu, Thururthiyad.P.O എന്ന അംഗപരിമിതന്റെ പേര് Bineesh.T.K എന്നും ടിയാന്റെ ഓഫീസ് മേൽവിലാസം Office of the Spl.Dy.Collector(LA), KSEB, Kozhikode എന്നതിനു പകരം KSEB, Kozhikode എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും ടി തെറ്റ് തിരുത്തി ഉത്തരവ് നൽകണമെന്നും പരാമർശം 4 ലെ കത്തു പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

4. പരാമർശം 3 ലെ ഉത്തരവിൽ കോഴിക്കോട് ജില്ലയിൽ ക്രമ നം.8 ആയി ചേർക്കപ്പെട്ട ശ്രീ.രവി.എ.എം. എന്ന അംഗപരിമിതന്റെ ജനനതീയതി 1.5.1971 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നും ടിയാന്റെ സ്കൂൾ സർട്ടിഫിക്കറ്റിലും സേവന പുസ്തകത്തിലും ജനനതീയതി 1.5.1972 ആണെന്നും തെറ്റ് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം 5 ലെ കത്ത് പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചിരിക്കുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ശേഷം പരാമർശം 2, 3 എന്നീ സർക്കാർ ഉത്തരവുകളിൽ ബന്ധപ്പെട്ടവരുടെ പേരിനു നേരെ ചേർത്തിരിക്കുന്ന വിധം തിരുത്തലുകൾ വരുത്തി ഉത്തരവാകുന്നു.

**കോഴിക്കോട് ജില്ല**

| | |
|---|---|
| 7.8.2013 ലെ സ.ഉ(പി) 63/13/സാ.നീ.വ നമ്പർ ഉത്തരവിൽ<br>ക്രമ നമ്പർ 50 ൽ പേര് Sri.Bineesh.T.K<br>ഓഫീസ് മേൽവിലാസം KSEB, Kozhikode | പേര് Vineesh.T.K എന്നും ഓഫീസ് മേൽവിലാസം Office of the Spl.Dy.Collector(LA), KSEB, Kozhikode എന്നും<br>തിരുത്തിയിരിക്കുന്നു. |
| 17.1.2014 ലെ സ.ഉ(പി) 3/14/സാ.നീ.വ നമ്പർ ഉത്തരവിൽ<br><br>ക്രമ നമ്പർ 8 ൽ Sri.Ravi.A.M ജനനതീയതി 1.5.1971 | ജനനതീയതി 1.5.1972 എന്ന് തിരുത്തിയിരിക്കുന്നു. |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എൻ.ബി.കോമളവല്ലി അമ്മ
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന വികലാംഗ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്
സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ(LA), കെ.എസ്.ഇ.ബി, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ & ഇ)/(ആഡിറ്റ്) കേരള, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ